1. കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി നേടിയ, പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ താഴെയല്ലാത്ത സർക്കാർ സർവ്വീസിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ അഞ്ചു വർഷത്തിൽ കുറയാതെയുള്ള സർവ്വീസുൾപ്പെടെ കുറഞ്ഞത് 20 വർഷത്തെ സർവ്വീസ്.

(സി) ഉണ്ട്.

(ഡി) സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾ പ്രകാരം നിയമനം നടത്തുന്നതിന് ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

വി.എച്ച്.എസ്.ഇ. കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനത്തിന് കമ്പ്യൂട്ടർ ഡിപ്ലോമക്കാരെക്കൂടി പരിഗണിക്കാൻ ആവശ്യമായ ഭേദഗതി

113 [1523] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ സർവ്വീസിന്റെ സ്പെഷ്യൽ റൂൾസിന് എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) വി.എച്ച്.എസ്.ഇ. സർവ്വീസിലെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനത്തിന്റെ സ്പെഷ്യൽ റൂൾസിൽ കമ്പ്യൂട്ടർ ഹാർഡ്വെയർ 3 വർഷ കോഴ്സ് പാസ്സായവരെയും 3 വർഷ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് പാസ്സായവരേയും ഉൾപ്പെടുത്താതിരിക്കാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) വി.എച്ച്.എസ്.ഇ. സർവ്വീസിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ നിയമനത്തിന് കമ്പ്യൂട്ടർ ഡിപ്ലോമക്കാരെക്കൂടി പരിഗണിക്കുവാൻ തയ്യാറാവുമോ;

(ഡി) ഇതിനാവശ്യമായ ഭേദഗതി വി.എച്ച്.എസ്.ഇ. സർവ്വീസിന്റെ സ്പെഷ്യൽ റൂൾസിൽ വരുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സർവ്വീസിന് സ്പെഷ്യൽ റൂൾസ് ഉണ്ടായിരുന്നില്ല. 12-3-2004-ന് ആണ് ആദ്യമായി സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിച്ചത്. പിന്നീട് മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട (Board of Studies)-ന്റെ ശുപാർശ പ്രകാരമാണ് കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകൾക്കുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ ഹാർഡ്വെയർ, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ വിഷയങ്ങളിൽ ത്രിവത്സര ഡിപ്ലോമ മാത്രം നേടിയിട്ടുള്ളവരെ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പരിഗണിക്കാൻ പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല.

(സി ആന്റ് ഡി) പരിശോധിച്ചു വരുന്നു.

പുതുതായി അനുവദിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ

114 [1524] ശ്രീ. ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി രാധാ രാഘവൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതുതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എയ്ഡഡ് മേഖലയിലും സ്വാശ്രയ മേഖലയിലും എത്ര വീതം എവിടെയെല്ലാം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകൾ

115 [1525] ശ്രീ. കളത്തിൽ അബ്ദുള്ള:

,, മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വി.എച്ച്.എസ്.ഇ. കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly